(7) മാനേജ്മെൻറ് സ്ക്കൂളുകൾ നിരുപാധികം വിട്ടുകൊടുക്കുവാൻ തയ്യാറാകുന്ന സന്ദർഭങ്ങളിൽ ഗവൺമെൻറ് അവ ഏറ്റെടുക്കുവാൻ തയ്യാറാകുക. അതിനുള്ള വ്യവസ്ഥകളിൽ അയവു വരുത്തുക.

(8) കോൺഫെഡറേഷന് മതിയായ പ്രാതിനിധ്യമുള്ള സിലബസ് കമ്മിറ്റികൾ രൂപീകരിക്കുക.

(9) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രൈമറി എഡ്യൂക്കേഷൻ എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ജനാധിപത്യവൽക്കരണം വരുത്താൻ കോൺഫെഡറേഷനുകൂടി പ്രാതിനിധ്യമുള്ള ഗവേണിംഗ് കൗൺസിൽ ഈ മൂന്നു സ്ഥാപനങ്ങൾക്കുംകൂടി രൂപീകരിക്കുക.

(10) പ്രൈവറ്റ് സ്ക്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ഗവൺമെൻറ് സ്ക്കൂൾ ഹെഡ്മാസ്റ്റർമാർക്കുള്ള എല്ലാ അധികാരങ്ങളും കൊടുക്കുക.

(11) കോത്താരിക്കമ്മീഷൻ ശുപാർശചെയ്ത എല്ലാ പൗരസ്വാതന്ത്ര്യങ്ങളും മുഴുവൻ അദ്ധ്യാപകർക്കും വിവേചനമില്ലാതെ അനുവദിക്കുക.

(12) സ്റ്റാഫ് ഫിക്സേഷൻ സംബന്ധിച്ച് ഇന്ന് നിലവിലുള്ള സമ്പ്രദായം മാറ്റുക.

(13) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1 : 30 ആക്കുക.

(14) അദ്ധ്യാപക ക്ഷേമനിധിയുടെ സംഭരണം–വിതരണം എന്നിവ സംബന്ധിച്ച ചട്ടങ്ങൾ കോൺഫെഡറേഷനുമായി ചർച്ചചെയ്തു ആവശ്യമായ മാറ്റങ്ങൾ വരുത്തി നടപ്പാക്കുക.

(സി. ഡി) (എ) യിൽ പറഞ്ഞ (1) മുതൽ (4) വരെയുള്ള ഇനങ്ങൾ പരിശോധിച്ച് ഗവൺമെൻറ് ഉത്തരവുകൾ പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. ശമ്പളപരിഷ്ക്കരണ ഉത്തരവിലെ അപാകതകൾ പരിശോധിക്കാൻ ഒരു പ്രത്യേക സെൽ ധനകാര്യവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(ഇ) അവശേഷിക്കുന്ന പ്രശ്നങ്ങളിൻമേൽ [(എ) യിൽ പറഞ്ഞ (6) മുതൽ (8) വരെ ഇനങ്ങൾ] ജീവനക്കാരുടെ പ്രതിനിധികളുമായി ഇനിയും ചർച്ചകൾ തുടർന്നു നടത്തുന്നതാണ്.

(എഫ്) കേന്ദ്രഗവൺമെൻറ് ജീവനക്കാർക്ക് ഇപ്പോൾ അനുവദിച്ച ക്ഷാമബത്ത വർദ്ധനവിനെ സംബന്ധിച്ച പൂർണ്ണ വിവരം ഇതേവരെ ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ കിട്ടിയതിനുശേഷം സംസ്ഥാന ജീവനക്കാർക്കും ക്ഷാമബത്ത വർദ്ധനവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായം

133 [190] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായം ഉയർത്തുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ എത്രയാക്കാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുവാൻ ഗവൺമെൻറിന് ഉദ്ദേശമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തടവുകാരുടെ ക്ഷേമത്തിനുവേണ്ടിയുള്ള നടപടികൾ

134 [191] ശ്രീ. സി. എ. കുര്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലിലെ തടവുകാരുടെ ക്ഷേമത്തിനുവേണ്ടി എന്തെങ്കിലും പുതിയ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ;

(ബി) ഇവരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ടുചെയ്യുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ;

(സി) അപ്രകാരം ചെയ്തിരുന്നെങ്കിൽ റിപ്പോർട്ട് ലഭിച്ചോ; റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദീർഘകാലം തടവുശിക്ഷ അനുഭവിക്കുന്നവരെ പാർപ്പിച്ചിരിക്കുന്ന സെൻട്രൽ ജയിലുകളിൽ വൈദ്യുതി പങ്കകൾ സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ട്. ഇതല്ലാതെ മറ്റൊന്നും ഇപ്പോൾ ആലോചനയിൽ ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പോലീസ് സമരം

135 [192] ശ്രീ. ഈപ്പൻ കണ്ടക്കുടി :

ഡോ. ജോർജ്ജ് മാത്യു :

ശ്രീ. എം. വി. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു പല സംസ്ഥാനങ്ങളിൽ ഉണ്ടായതുപോലെ നമ്മുടെ സംസ്ഥാനത്ത് പോലീസ് സമരം ഉണ്ടായിട്ടുണ്ടോ;

(ബി) പോലീസുകാരെ ഏതെങ്കിലും രാഷ്ട്രീയപാർട്ടി സമരത്തിന് പ്രേരിപ്പിക്കുന്നതായി മന്ത്രിക്ക് അറിവ് കിട്ടിയിട്ടുണ്ടോ?

ഉത്തരം

(എ, ബി) നമ്മുടെ സംസ്ഥാനത്തെ പോലീസ്സേന സമരം നടത്തിയിട്ടില്ല.

എന്നാൽ ഇവിടെ ഉണ്ടായിരുന്ന സി.ആർ.പി. സേനാംഗങ്ങളിൽ ഒരു വിഭാഗം 1979 ജൂൺ 21-ാം തീയതി മുതൽ ആഗസ്റ്റ് 12-ാം തീയതിവരെ സമരം ചെയ്തിരുന്നു. കൂടാതെ 1979 ജൂൺ 12-ാം തീയതി മുതൽ ഈ

LIBRARY ARCHIVES Kerala Legislative Assembly